**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 395** **08-06-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമീണ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | **Shri. P. Rajeeve**<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമീണ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വ്യവസായ വാണിജ്യ വകുപ്പ് മുഖാന്തിരം സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലുള്ള സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സാമ്പത്തിക സഹായം അനുവദിക്കുന്നതിനും ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സംരംഭക സഹായ പദ്ധതി നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പ്രവർത്തന രഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെ പിന്തുണയ്ക്കുന്ന Revival and rehabilitation scheme for defunct MSMEs and cashew processing units, The Kerala stressed MSMEs Revival & Rehabilitation Scheme എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്. ഇതു കൂടാതെ കോവിഡ് 19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേക്കായി വ്യവസായ ഭദ്രത പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and working capital loan പദ്ധതി പ്രകാരം 01/04/2020 മുതൽ 31/12/2020 വരെ MSME യൂണിറ്റുകൾ എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan/Working capital) 30000 രൂപ മുതൽ പരമാവധി 60000 രൂപ വരെ അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | ഇത്തരം വ്യവസായ യൂണിറ്റുകളുടെ രജിസ്ട്രേഷൻ, വായ്പ, ഗ്രാന്റ്, മൂലധനം എന്നിവയ്ക്കായുള്ള നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | വ്യവസായ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ്, ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ്, ഫയർ ആൻഡ് സേഫ്റ്റി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി മുതലായവ ആവശ്യമാണ്. നഗര ഗ്രാമാസൂത്രണ വകുപ്പ്, ലീഗൽ |

| | | | |
|---|---|---|---|
| | | | മെട്രോളജി വകുപ്പ്, ഭക്ഷ്യ സുരക്ഷാ അതോറിറ്റി, വനം വകുപ്പ്, ജൈവ വൈവിധ്യ ബോർഡ്, കേരള തീരദേശ പരിപാലന അതോറിറ്റി മുതലായവരുടെ ലൈസൻസുകൾ സാഹചര്യാനുസരണം ആവശ്യമാണ്. ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നതിലേക്കായി ഏകജാലക സംവിധാനം ആയ കെ-സിഫ്റ്റ് (K-Swift) ഓൺലൈൻ പോർട്ടൽ നിലവിൽ ഉണ്ട്. കൂടാതെ പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മൂന്ന് വർഷത്തേക്ക് സംസ്ഥാന നിയമ പ്രകാരം ഉള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽ വഴി, മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കാൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വായ്പ ആവശ്യമുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് ബന്ധപ്പെട്ട പ്രൊജക്റ്റ് റിപ്പോർട്ട് സഹിതം ജില്ലാ വ്യവസായ കേന്ദ്രത്തെ സമീപിക്കാവുന്നതാണ്. പ്രസ്തുത പ്രൊജക്റ്റ് റിപ്പോർട്ട് പരിശോധിച്ച് അതിന്റെ സാമ്പത്തിക സാങ്കേതിക റിപ്പോർട്ട് സഹിതം, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിലേക്ക് ശുപാർശ ചെയ്യുന്നതാണ്. വായ്പ മുഖേനയും, അല്ലാതെ സ്വന്തം നിക്ഷേപം ഉപയോഗിച്ചും ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് സംരംഭ സഹായ പദ്ധതി (ESS) മുഖേന സബ്സിഡിക്കുള്ള അപേക്ഷ ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. വായ്പാബന്ധിത പ്രോജെക്റ്റുകൾക്കായി കേന്ദ്രാവിഷ്കൃത പദ്ധതിയായ PMEGP, സംസ്ഥാന സർക്കാർ പദ്ധതിയായ Margin Money Grant to Nano Units എന്നീ പദ്ധതികളും നിലവിലുണ്ട്. |
| (സി) | ചെറുകിട വ്യവസായ യൂണിറ്റുകൾക്കുള്ള സഹായ പദ്ധതി, പരിശീലന പരിപാടി, വൈദഗ്ധ്യ വികസന പരിപാടികൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും സംരംഭകർക്കുള്ള ബോധവൽക്കരണ സെമിനാറുകൾ, 15 ദിവസത്തെ സംരംഭകത്വ വികസന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, മേഖലാനുസൃത പരിശീലന പരിപാടികൾ എന്നിവ നടത്തി വരുന്നുണ്ട്. കൂടാതെ എറണാകുളം കളമശ്ശേരി സ്ഥിതി ചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (കീഡ്) നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വിവിധയിനം പരിശീലന പരിപാടികൾ നടപ്പാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ